എന്ന പുതിയ പദ്ധതി നിലവിൽവരുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ വായ്പ തുകയ്ക്ക് പരിധിയില്ല.

(സി) സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന (എസ്.ജി.എസ്. വൈ) പ്രകാരം ഓരോ പ്രദേശത്തും തെരഞ്ഞെടുക്കപ്പെട്ട മുഖ്യസാമ്പത്തിക പരിപാടികൾക്കാണ് വായ്പ അനുവദിക്കുന്നത്. എങ്കിലും പദ്ധതി അടങ്കൽ തുകയുടെ 25 ശതമാനം വരെ മറ്റു വരുമാനദായക സ്വയംതൊഴിൽ സംരംഭങ്ങൾക്ക് വായ്പ നൽകാനും അനുവാദമുണ്ട്. എന്നാൽ 25 ശതമാനം എന്നത് ഉയർന്ന പരിധി മാത്രമാണ്. ഒരിക്കലും ഇത് ഒരു ഭൗതിക ലക്ഷ്യമാക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

22 (*575) മത്സ്യത്തൊഴിലാളി മേഖലയിലെ പദ്ധതികൾ

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ധനകാര്യകമ്മിഷൻ ശുപാർശ ചെയ്തപ്രകാരം സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിനും മത്സ്യത്തൊഴിലാളി മേഖലയിൽ റോഡ് നിർമ്മാണത്തിനും കുടിവെള്ള വിതരണത്തിനും പദ്ധതി തയ്യാറായിട്ടുണ്ടോ;

(ബി) ഇതുപ്രകാരം ഏതെല്ലാം പ്രദേശങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിൽ വരും;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ തീരദേശ ജില്ലകളിലും ഉൾനാടൻ ജില്ലയായ കോട്ടയത്തും ഉള്ള മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) 1999-2000 സാമ്പത്തികവർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

23 (*576) മത്സ്യമേഖലയ്ക്ക് ഒരു ഏകീകൃത നിയമം

ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എം. ദാസൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീമതി ഐ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly